റിസർവേഷൻ എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ കൃത്യമായി നൽകുന്നതിന് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെമ്പാടും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സഞ്ചാരികൾ ചൂഷണം ചെയ്യപ്പെടുന്നത് ഒഴിവാക്കാൻ ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ, ആയുർവേദ സെന്ററുകൾക്ക് അംഗീകാരം നൽകുന്ന പദ്ധതി, ഹൗസ് ബോട്ട് ക്ലാസിഫിക്കേഷൻ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. ഇങ്ങനെ അംഗീകാരം ലഭിക്കുന്ന യൂണിറ്റുകളെ സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പിന്റെ വെബ്സൈറ്റ് വഴി നൽകുന്നതിലൂടെ ഈ രംഗത്തെ ചൂഷണം ഒഴിവാക്കുന്നതിനു കഴിയുന്നു. കൂടാതെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം പോലീസിനെ സഞ്ചാരികളുടെ സുരക്ഷക്കായി നിയോഗിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ബീച്ചുകളിലും മറ്റു ജലാശയങ്ങളിലും സഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തി ലൈഫ് ഗാർഡുകളെ നിയോഗിച്ചുണ്ട്. ടൂറിസം സീസൺ ആരംഭിക്കുന്നതിന് മുൻപായി വിവിധ വകുപ്പുകളുടെ യോഗം വിളിച്ചുകൂട്ടുകയും ഓരോ വിനോദസഞ്ചാരകേന്ദ്രത്തിലും ഏർപ്പെടുത്തേണ്ടുന്ന സൗകര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും അതനുസരിച്ചുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്തുന്ന കാര്യത്തിലും ശ്രദ്ധ ചെലുത്തുന്നുണ്ട്.

പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ

25(*55) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് :
ശ്രീ. ബാബു പോൾ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം എന്ന് അറിയിക്കുമോ ;

(ബി) ഈ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സേവനങ്ങളാണ് നൽകാനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേന്ദ്രങ്ങളുടെ ഘടന എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ ; ഈ കേന്ദ്രങ്ങളിൽ വനിതാ അഭിഭാഷകരുടെ സേവനം ലഭ്യമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):

(എ) സംസ്ഥാനത്തെ 43 ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കുട്ടികളോടുള്ള മോശമായ പെരുമാറ്റം, ബാലവേല എടുപ്പിക്കൽ, പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള പീഡനം എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതാക്കൽ, സ്ത്രീകൾക്കു വേണ്ടി Victim Support സെല്ലുകൾ രൂപീകരിക്കുക, സ്ത്രീകളും കുട്ടികളും ഇരകളായിട്ടുള്ള അക്രമങ്ങളിലെ അന്വേഷണങ്ങൾക്കും പ്രോസിക്യൂഷനും വേണ്ടി കെട്ടികിടക്കുന്ന ഫയലുകൾ പുനഃപരിശോധിച്ച് വേണ്ട നടപടികൾ എടുക്കുക, ഇത്തരം കേസുകളിൽ ഇരയായിട്ടുള്ളവർക്ക് പുനരധിവാസം നൽകുകയും ആവശ്യമായ മാനസിക പിന്തുണയും വൈദ്യ സഹായവും നൽകുക, സ്കൂളുകളിലും കോളേജുകളിലും ജാഗ്രതാസമിതികൾ രൂപീകരിച്ചുകൊണ്ട് പെൺകുട്ടികൾക്ക് ലൈംഗിക ചൂഷണം, മൊബൈൽ ഫോണിന്റെ ദുരുപയോഗം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുക, സ്ത്രീകൾക്ക് നിയമസഹായത്തിനായി വനിതാ അഭിഭാഷക/ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹായം തേടുക, മദ്യപാനം കാരണം ഉണ്ടാകുന്ന കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദഗ്ദ്ധരുടെ സഹായത്തോടെ കൗൺസിലിംഗ് നൽകുക എന്നീ സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകാൻ ഉദ്ദേശിക്കുന്നത്.

(സി) സ്ത്രീ സൗഹൃദ കേന്ദ്രമായി പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷൻ ഉൾപ്പെടുന്ന പ്രദേശത്തെ സർക്കിൾ ഇൻസ്പെക്ടർ, സ്റ്റേഷൻ ഹൗസ് ഓഫീസർ (സബ് ഇൻസ്പെക്ടർ), വനിതാ പോലീസുകാർ, വനിതാ അഭിഭാഷക എന്നിവർ ഉൾപ്പെടുന്നതാണ് ഈ കേന്ദ്രങ്ങളുടെ ഘടന. വനിതാ അഭിഭാഷകയുടെ സേവനം ലഭ്യമാക്കുന്നതാണ്.

തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ വികസനം

26(*56)ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ വികസനത്തിനായി ഈ വർഷം എത്ര കോടി രൂപ അനുവദിച്ചു എന്നും അതിൽ ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പി.എം.ജി.എസ്.വൈ. പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി മൊത്തം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly